**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4878** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്ററുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്; | (എ) | 31 തസ്തികകൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ പി.എസ്.സി. വഴി അവസാനമായി നിയമനം നടന്നത് എന്നാണെന്നും എത്ര തസ്തികയിലാണെന്നും വിശദമാക്കാമോ; | (ബി) | അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർമാരുടെ തസ്തികയിലേയ്ക്ക് 28/01/2020 നാണ് അവസാനമായി പി.എസ്.സി. വഴി ഒരു നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന) നടന്നത്. |
| (സി) | രണ്ടാം ഗ്രേഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | 25 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | അച്ചടി വകുപ്പിൽ നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം രണ്ടാം ഗ്രേഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികയിൽ നിയമനം നടത്തുന്നതിന് എന്ത് സാങ്കേതിക നിയമ പ്രശ്നങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | കേരള ഗവൺമെൻറ് പ്രസ്സസ് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്ന മുറയ്ക്ക് മാത്രമേ നിയമന നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ |
| (ഇ) | അച്ചടി വകുപ്പിൽ സെക്രട്ടറിയും ഡയറക്ടറും നിലവിൽ എത്ര കേസ്സുകളിൽ കോടതിയലക്ഷ്യ നടപടികൾ നേരിടുന്നുവെന്നും അവ ഏതൊക്കെയെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ഇ) | അച്ചടി വകുപ്പിൽ താഴെപ്പറയുന്ന അഞ്ച് കോടതിയലക്ഷ്യ കേസുകളിൽ നടപടികൾ നേരിടുന്നുണ്ട്. അച്ചടി വകുപ്പ് സെക്രട്ടറി 1. Contempt petition No. 22/2019 in OA (EKM) No. 2393/2017 filed by Sri. Ramesh K. Menon, Muhammed Mustafa and others. 2. Contempt petition No. 52/2019 in OA No. 2031/2018 filed by Sri. R. Rajeev Kumar. 3 Contempt petition No. 86/2021 in OA No. 1345/2019 filed by Sri. K.K. Jayarajan and others. അച്ചടി വകുപ്പ് ഡയറക്ടർ 1. Contempt petition No. 133/2019 in OA No. 2321/2016 filed by Sri. S.S. Asok. 2. Contempt petition |

| | | | |
|---|---|---|---|
| | | | No. 22/2019 in OA (EKM) No. 2393/2017 filed by Sri. Ramesh K. Menon, Muhammed Mustafa and others. 3. Contempt petition No. 148/2020 in OA No. 1210/2019 filed by Sri. Solomon and others. 4. Contempt petition No. 52/2019 in OA No. 2031/2018 filed by Sri. R. Rajeev Kumar. 5. Contempt petition No. 86/2021 in OA No. 1345/2019 filed by Sri. K.K. Jayarajan and others. |
| (എഫ്) | അച്ചടി വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് വിഭാഗത്തിൽ ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എഫ്) | പരാതികൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ